കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം- ധർമ്മടം നിയോജകമണ്ഡലം -പിണറായിയിലെ ആഡിറ്റോറിയം - രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തി - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 3386/17/തസ്വഭവ — തിരുവനന്തപുരം, തീയതി, 24.10.2017

---

വായന - (1) 11/06/2012 ലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ ഉത്തരവ്

(2) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 28/03/2017 ലെ CE/BL/PLG/LAC-ADS/KNR/1574/17 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിലെ മുൻ എം.എൽ.എ ശ്രീ. കെ കെ. നാരായണന്റെ 2015-16 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും പിണറായിയിലെ ആഡിറ്റോറിയത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ 265 ലക്ഷം (ഇരുന്നൂറ്റി അറുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)രൂപയുടെ ഭരണാനുമതി ലഭിക്കുന്നതിന് വായന (2) പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ധർമ്മടം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന മുൻ എം.എൽ.എ. ശ്രീ. കെ കെ. നാരായണന്റെ 2015-16 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും പിണറായിയിലെ ആഡിറ്റോറിയത്തിന്റെ രണ്ടാം ഘട്ട നിർമ്മാണപ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ 265 ലക്ഷം രൂപയ്ക്ക്(ഇരുന്നൂറ്റി അറുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)വകുപ്പ്സംബന്ധമായ നടപടിക്രമങ്ങളും വായന ഒന്നിലെ സർക്കാർ ഉത്തരവും പാലിക്കണമെന്ന നിബന്ധനയോടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. ആയത് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്ട്സ്അണ്ടർ എൽ.എ.സി. എ.ഡി.എസ് എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി.

ശ്രീ. കെ കെ. നാരായണൻ എക്സ് എം. എൽ. എ.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
സെക്രട്ടറി, പിണറായി ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.N.C.C-3/25/2017/FIN: . തീയതി: 21/08/2017.)
ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/123/2017/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ